I ഇ.ബി. XIV-കേരള നിയമസഭ/XVII

**പതിനാലാം കേരള നിയമസഭ**

പതിനേഴാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2019 ഡിസംബർ 31, ചൊവ്വ

പതിനാലാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനം 2019 ഡിസംബർ 31-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ചേർന്നു.

**I സ്റ്റാറ്റ്യൂട്ടറി പ്രമേയം**

എസ്.സി./എസ്.ടി. സംവരണ കാലാവധി നീട്ടുന്നത് സംബന്ധിച്ച്

Chief Minister (Shri. Pinarayi Vijayan): I move -

"That this House ratifies the amendments to the Constitution of India falling within the purview of clause(d) of proviso to clause (2) of article 368, proposed to be made by the Constitution (One Hundred and

Twenty-sixth Amendment) Bill, 2019, as passed by both the Houses of Parliament."

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമനിർമ്മാണങ്ങളിലും സർക്കാർ സർവ്വീസുകളിലും മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാണ് ഭരണഘടനയിൽ പ്രത്യേക അനുച്ഛേദങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സമൂഹത്തിൽ അവഗണിക്കപ്പെട്ട വിഭാഗങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് ഈ പ്രമേയത്തിന്റെ അവതരണം അനിവാര്യമാണ്. നിലവിലെ സാമൂഹിക സ്ഥിതിയിൽ ഏറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ജാതിവ്യവസ്ഥയുടെ ജീർണ്ണിച്ച അംശങ്ങൾ പല തട്ടിലും നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസപരമായി ദീർഘകാലം പിന്നോക്കാവസ്ഥ അനുഭവിച്ച വിഭാഗങ്ങൾക്ക് ഭരണഘടന വാഗ്ദാനം ചെയ്യുന്ന സാമൂഹിക/സാമ്പത്തിക നീതി ലഭ്യമാകണമെങ്കിൽ എല്ലാ തലങ്ങളിലും മതിയായ പ്രാതിനിധ്യം പ്രത്യേകമായി ഉറപ്പുവരുത്തണം. പ്രസ്തുത

സാഹചര്യത്തിലാണ് ഈ ഭരണഘടന ഭേദഗതി പാസ്സാക്കുന്നതിന്റെ ആവശ്യകത ഉയർന്നുവരുന്നത്. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇന്ത്യയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ നീതി നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇവർക്ക് സാമൂഹിക നീതി ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം. പ്രസ്തുത വിഭാഗങ്ങൾക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭയിലും സംവരണം നീട്ടുന്നത് സംബന്ധിച്ച് ആറ് തവണ ഭരണഘടന ഭേദഗതി ചെയ്തിട്ടുണ്ട്. 45-ാം ഭരണഘടനാ ഭേദഗതി ബില്ലും 62-ാം ഭരണഘടനാ ഭേദഗതി ബില്ലും 109-ാം ഭരണഘടനാ ഭേദഗതി ബില്ലും കേരള നിയമസഭ സാധൂകരിച്ചിട്ടുണ്ട്. ഭേദഗതി നിയമം സഭ റാറ്റിഫൈ ചെയ്യുന്നതോടുകൂടി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുള്ള സംവരണം 26-01-2030 വരെ നീട്ടുന്നുണ്ടെങ്കിലും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനുള്ള സംവരണം 26-01-2020-ൽ അവസാനിക്കുന്ന നിബന്ധന ഉൾക്കൊള്ളിച്ചിരിക്കുന്ന നടപടി ഈ വിഭാഗത്തോടുള്ള അനീതിയാണ്.

സ്റ്റാറ്റ്യൂട്ടറി പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## II ഗവൺമെന്റ് പ്രമേയങ്ങൾ

### (1) ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ പ്രാതിനിധ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

" പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയ 126-ാം ഭരണഘടനാ ഭേദഗതി ബിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണം 10 വർഷംകൂടി ദീർഘിപ്പിച്ച് നൽകാൻ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ 2030 ജനുവരി 25 വരെ മേൽപ്പറഞ്ഞ സംവരണം തുടരാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 334(b) പ്രകാരം ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 2020 ജനുവരി 26-ന് അവസാനിക്കുന്ന സംവരണ കാലാവധി 10 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകാൻ 126-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

രാജ്യത്ത് നാളിതുവരെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചുവരുന്ന

സംവരണം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 3,47,000 ആംഗ്ലോ ഇന്ത്യൻ സമുദായക്കാർ ഇന്ത്യയിലുണ്ടായിട്ടും ആകെ 296 പേർ മാത്രമേയുള്ളൂവെന്ന വാസ്തവവിരുദ്ധമായ പ്രസ്താവനയിലൂടെ സംവരണം തടഞ്ഞിരിക്കുന്ന നടപടിക്കെതിരെ ഐകകണ്ഠ്യേന പ്രതിഷേധിക്കേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രമേയത്തിൽ 'സംവരണം' എന്നുപറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ 'പ്രത്യേക പ്രാതിനിധ്യം' എന്നാക്കി മാറ്റേണ്ടതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ പ്രാതിനിധ്യം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(2) പൗരത്വ ഭേദഗതി നിയമം റദ്ദാക്കുന്നതിനുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

" 2019-ലെ പൗരത്വ ഭേദഗതി ബിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകരിച്ചതിനെത്തുടർന്ന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ഇടയിൽ ആശങ്കകൾ രൂപപ്പെടുകയും രാജ്യവ്യാപകമായി പ്രതിഷേധം ഉയരുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ സമാധാനപരമായ പ്രതിഷേധം ഒറ്റക്കെട്ടായി ഉയർന്നുവന്നിട്ടുണ്ട്.

പൗരത്വം നൽകുന്നതിനായി പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന 2019-ലെ പൗരത്വ ഭേദഗതി നിയമം ഭരണഘടനയുടെ പാർട്ട് III-ലെ മൗലികാവകാശമായ സമത്വ തത്വത്തിന്റെ ലംഘനമാണ്.

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം വിവിധ ധാരകളുടെ സമന്വയം കൂടിയായിരുന്നു. അവ മുന്നോട്ടുവച്ച ആധുനിക ജനാധിപത്യത്തെയും മതനിരപേക്ഷ കാഴ്ചപ്പാടിനെയും ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപപ്പെട്ടുവന്നത്. പൗരാവകാശങ്ങൾക്കും സമത്വത്തിൽ അധിഷ്ഠിതമായ സമൂഹത്തിനും വേണ്ടിയുള്ള പോരാട്ടത്തിലെ ഒരു നാഴികക്കല്ലായി

രൂപീകരിക്കപ്പെട്ട ഭരണഘടന ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സമത്വത്തിലും ശാസ്ത്രീയ മനഃസ്ഥിതിയിലും അധിഷ്ഠിതമായ ഒന്നുകൂടിയാണ്. വിവിധ ജനവിഭാഗങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെട്ടതാണ് ഇന്ത്യൻ ദേശീയത. നാനാത്വത്തിൽ ഏകത്വം എന്ന വീക്ഷണത്തിന്റെ അടിത്തറ അതുകൊണ്ടുതന്നെയാണ് ഭരണഘടന ഉൾക്കൊണ്ടിട്ടുള്ളത്.

2019-ലെ പൗരത്വ ഭേദഗതി നിയമം, പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേയ്ക്ക് 2014 ഡിസംബർ 31-ന് മുമ്പ് കുടിയേറിപ്പാർത്ത ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ മതവിശ്വാസികൾക്ക് പൗരത്വം നൽകുന്നതും മുസ്ലീങ്ങളെ അതിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്ന വ്യവസ്ഥ ഉൾപ്പെടുന്ന ഒന്നാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കപ്പെടുമ്പോൾ മത-രാഷ്ട്ര സമീപനമാണ് അതിൽ ഉൾച്ചേർന്നിരിക്കുന്നത്. ഇത് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ കാഴ്ചപ്പാടിന് കടകവിരുദ്ധമായതിനാൽ ഈ നിയമം ഭരണഘടനയുടെ അടിസ്ഥാന ഘടനയുമായി പൊരുത്തപ്പെടുന്നതല്ല.

ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ

മതനിരപേക്ഷത സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം എല്ലാ മതവിഭാഗങ്ങളുടെയും മതനിരപേക്ഷ കാഴ്ചപ്പാടുള്ളവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ട സന്ദർഭമാണിത്.

നമ്മുടെ രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങളിൽ ഉയർന്നുവരുന്ന ആശങ്കകൾ കണക്കിലെടുത്തുകൊണ്ട് പൗരത്വം നൽകുന്നതിൽ മതാടിസ്ഥാനത്തിലുള്ള വിവേചനത്തിന് വഴിവയ്ക്കുന്നതും ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷത തകർക്കുന്നതുമായ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. "

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മതവിവേചനാടിസ്ഥാനത്തിലുള്ള പൗരത്വ ഭേദഗതി നിയമം രാജ്യത്താകമാനം വൻ പ്രക്ഷോഭങ്ങളും ആശങ്കയുമാണുളവാക്കിയിട്ടുള്ളത്. പൗരത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു രാജ്യം എങ്ങനെയാണെന്ന് നിർണ്ണയിക്കുന്നത്. എല്ലാ മതവിഭാഗങ്ങളെയും ഉൾക്കൊള്ളുമ്പോഴാണ് മതേതര രാഷ്ട്രമായി രാജ്യം മാറുന്നത്. നാനാത്വത്തിൽ

ഏകത്വമെന്ന മൂല്യം നഷ്ടപ്പെട്ടാൽ രാജ്യംതന്നെ ശിഥിലമാകുന്ന സ്ഥിതി ഒഴിവാക്കുന്നതിനാണ് പുതിയ പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്നാവശ്യപ്പെടുന്നത്. 2019-ലെ പൗരത്വ ഭേദഗതി നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾക്കെതിരെ ജാതി-മത-പ്രാദേശിക വേർതിരിവുകൾക്കതീതമായി രാജ്യത്തെമ്പാടും അഭിപ്രായ രൂപീകരണവും പ്രതിഷേധവും നടക്കുകയാണ്. ഭരണഘടനയുടെയും ജനാധിപത്യ വ്യവസ്ഥയുടെയും അടിസ്ഥാന തത്വങ്ങളെ വെല്ലുവിളിക്കുന്ന ആശയങ്ങളാണ് ഈ ഭേദഗതിയിലൂടെ നിയമപ്രാബല്യം നേടിയിരിക്കുന്നത്. മതനിരപേക്ഷതയുടെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കാനാണ് കേരള നിയമസഭ ഈ പ്രമേയത്തിലൂടെ ശ്രമിക്കുന്നത്. പൗരത്വ ഭേദഗതിയുമായി ബന്ധപ്പെട്ട് അംഗീകരിക്കുന്ന പ്രമേയം ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം നേടുന്നതാണ്. 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദുചെയ്ത് രാജ്യത്തെ ജനതയെ ഒന്നായി കാണുന്ന ഭരണഘടന കാഴ്ചപ്പാട് മുറുകെപ്പിടിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം. കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിന് ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: ഇവിടെ അവതരിപ്പിച്ച പ്രമേയത്തോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായത്തോടും പൂർണ്ണമായും യോജിക്കുന്നു. പ്രമേയത്തിന്റെ അവസാന ഖണ്ഡിക താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

"സ്വീകരിക്കണമെന്ന്" എന്നതിനുപകരം "സ്വീകരിക്കണമെന്നും ഈ കാര്യത്തിൽ തീരുമാനമുണ്ടാകുന്നതുവരെ 2019-ലെ പൗരത്വ ഭേദഗതി നിയമം സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കരുതെന്നും".

ശ്രീ. ജെയിംസ് മാത്യു: പ്രമേയത്തെ പിന്താങ്ങുന്നു. ജനാധിപത്യ മൂല്യങ്ങളും മതനിരപേക്ഷതയും കാത്തുസൂക്ഷിക്കാൻ കഴിയുന്നതുകൊണ്ടാണ് ഒരു രാഷ്ട്രമെന്നുള്ള നിലയിൽ ഇന്ത്യയ്ക്ക് നിലനിൽക്കാൻ സാധിക്കുന്നത്. ഇന്ത്യൻ ജനതയുടെ മനുഷ്യാവകാശം പൂർണ്ണമായും എടുത്തു കളയുന്നതാണ് ഈ നിയമം. സമസ്ത മേഖലകളിലും കേന്ദ്രസർക്കാരിന്റെ കെടുകാര്യസ്ഥതയാണ് അനുഭവപ്പെടുന്നത്. പൗരത്വ ഭേദഗതി നിയമം ആസാമിൽ നടപ്പിലാക്കിയതിന്റെ ഫലമായി 19 ലക്ഷത്തോളം ആളുകൾ ഇന്ത്യൻ പൗരന്മാരല്ലാതായി തീർന്നിരിക്കുകയാണ്. മതവിവേചനം നിയമവിധേയമാക്കാനാണ് കേന്ദ്രസർക്കാർ ഈ നിയമത്തിലൂടെ ശ്രമിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: പ്രമേയത്തെ പിന്താങ്ങുന്നു. 2019-ലെ പൗരത്വ ഭേദഗതി നിയമം പൗരത്വം നിഷേധിക്കാനുള്ളതല്ലെന്ന കേന്ദ്രസർക്കാരിന്റെ വാദം പൊള്ളയാണ്. മതപരമായ വിവേചനമാണ് ഈ നിയമത്തിലൂടെ വ്യക്തമാകുന്നത്. മൗലികാവകാശങ്ങൾക്ക് വിരുദ്ധമായ നിയമങ്ങൾ പാർലമെന്റിലോ നിയമസഭയിലോ പാസ്സാക്കിയാൽ നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ഭരണഘടനയിൽത്തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഭരണഘടനയുടെ 13, 14, 15 വകുപ്പുകളുടെ നഗ്നമായ ലംഘനമാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: പ്രമേയത്തെ പിന്താങ്ങുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരായി ഒരു പ്രമേയം അവതരിപ്പിക്കുന്നതിലൂടെ കേരള നിയമസഭ വീണ്ടും പാർലമെന്ററി പ്രവർത്തന ചരിത്രത്തിൽ ഒന്നാം സ്ഥാനത്തെത്തുകയാണ്. ഈ വിഷയത്തിൽ കേരളത്തിന്റെ ഒറ്റക്കെട്ടായ പോരാട്ടം രാജ്യത്തിന് മാതൃകയാണ്. ഒരു വിഭാഗത്തിന്റെ മാത്രം പ്രശ്നമാക്കി ഇതിനെ ചുരുക്കാനുള്ള ശ്രമങ്ങൾ നിർഭാഗ്യകരമാണ്. വാർത്താവിനിമയ സംവിധാനങ്ങൾ റദ്ദാക്കിയും സർവ്വകലാശാല വിദ്യാർത്ഥികളടക്കമുള്ള പ്രക്ഷോഭകരെ അടിച്ചമർത്തിയും ഭരണപരാജയത്തെ മറയ്ക്കാനാണ്

കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ജനാധിപത്യ വിരുദ്ധമായ ടി നിയമഭേദഗതി റദ്ദാക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രമേയത്തെ പിന്താങ്ങുന്നു. ഒരു പ്രത്യേക മതവിഭാഗത്തെ ഒഴിവാക്കി പാർലമെന്റ് പാസ്സാക്കിയ നിയമഭേദഗതി ഭരണഘടനാ വിരുദ്ധവും ലോകത്തിന് മുന്നിൽ രാജ്യം നാളിതുവരെ ആർജ്ജിച്ചിട്ടുള്ള മതേതര നിലപാടിന് കളങ്കവുമായി മാറിയിരിക്കുകയാണ്. ഭരണഘടനാവിരുദ്ധമായ നിയമത്തിനെതിരെയുള്ള കേരളത്തിന്റെ ഒറ്റക്കെട്ടായ പ്രതിഷേധം ജനാധിപത്യ വിശ്വാസികൾ പ്രതീക്ഷയോടെയാണ് കാണുന്നത്. പാസ്പോർട്ട് പൗരത്വരേഖയല്ലെന്ന കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനം ആശങ്കയുളവാക്കുന്നതാണ്. ഭരണഘടനയെ അട്ടിമറിക്കാനുള്ള ശ്രമമാണിത്. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നടപടികൾക്കെതിരെ സാധാരണക്കാരും കർഷകരും തൊഴിലാളികളും പ്രക്ഷോഭത്തിന്റെ പാതയിലാണ്. ജനങ്ങളെ ഭിന്നിപ്പിക്കുന്ന നടപടികളിലൂടെ ഭരണപരാജയത്തെ മറികടക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്.

ശ്രീ. മാത്യു ടി. തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു. ഇന്ത്യൻ ഭരണഘടനയുടെ അന്ത:സത്ത നശിപ്പിക്കുന്ന തരത്തിലുള്ള

നിയമനിർമ്മാണങ്ങളും ഭരണനടപടികളുമാണ് കേന്ദ്രസർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൗരത്വ ഭേദഗതി നിയമത്തിലൂടെ രാജ്യത്ത് മതപരമായ വിവേചനത്തിനാണ് വഴിതുറന്നിരിക്കുന്നത്. മതത്തെ അളവുകോലായെടുക്കുന്ന നടപടികളെ ചെറുക്കാൻ കേരളം ഒറ്റക്കെട്ടായി നിൽക്കുന്നുവെന്നത് ആശാവഹമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. ഭാരതം ഉയർത്തിപ്പിടിക്കുന്ന മതേതര നിലപാടിനെയും മതനിരപേക്ഷതയെയും തകർക്കുന്ന കേന്ദ്രസർക്കാർ നടപടിക്കെതിരെ കേരളം ഒറ്റക്കെട്ടായി നിൽക്കുന്നുവെന്ന സന്ദേശം നൽകാൻ ഈ പ്രത്യേക സഭാസമ്മേളനത്തിലൂടെ സാധിക്കും. പൗരത്വ ഭേദഗതി നിയമവും ദേശീയ ജനസംഖ്യാ പട്ടികയും പൗരത്വ രജിസ്റ്ററും ഭരണഘടനാ വിരുദ്ധമാണ്. രാജ്യത്തെ തകർക്കുന്ന കേന്ദ്രസർക്കാർ നടപടികളെ ശക്തമായി ചെറുക്കേണ്ടതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: പ്രമേയത്തെ പിന്താങ്ങുന്നു. ഇന്ത്യയുടെ ഭരണ ഘടനയെ തകർക്കാനും അതിന്റെ മൂല്യങ്ങളെ വേരോടെ പിഴുതെറിയാനും ഭരണകൂടം നടത്തുന്ന ശ്രമങ്ങളെ ചെറുക്കാൻ കേരളം മുൻപന്തിയിലുണ്ടാകും. ഇന്ത്യയെ മതത്തിന്റെ പേരിലുള്ള രാഷ്ട്രമാക്കി മാറ്റാൻ കേന്ദ്രസർക്കാർ നടത്തുന്ന

ശ്രമങ്ങളെ ഒറ്റക്കെട്ടായി ചെറുക്കണം.

ശ്രീ. ഒ. രാജഗോപാൽ: രാജ്യരക്ഷയ്ക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള പൗരത്വ ഭേദഗതി നിയമം ഒരു പ്രത്യേക മതവിഭാഗത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണെന്ന വ്യാജപ്രചരണമാണ് നടത്തുന്നത്.

ശ്രീ. എം. സ്വരാജ്: പ്രമേയത്തെ പിന്താങ്ങുന്നു. ഇന്ത്യയുടെ മതനിരപേക്ഷതയെ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ 13, 14, 15 അനുച്ഛേദങ്ങൾ ലംഘിച്ചുകൊണ്ട് രാജ്യത്തെ മുസ്ലീം ജനവിഭാഗത്തെ തുടച്ചുനീക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നിട്ടുള്ളത്. പൗരത്വ നിയമ ഭേദഗതി ലോകത്തിനുമുന്നിൽ ഇന്ത്യയെ ഒറ്റപ്പെടുത്തുന്നതിന് കാരണമാകും. ഇന്ത്യയുടെ മതനിരപേക്ഷത കാത്തുസൂക്ഷിക്കുന്നതിന് മനുഷ്യത്വത്തിന്റെ ആശയങ്ങളുയർത്തി ഈ നിയമത്തെ പ്രതിരോധിക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു. ജനാധിപത്യ രാജ്യത്തിന് യോജിക്കാത്ത രീതിയിലുള്ള നിയമം പാസ്സാക്കി ഭരണഘടനയുടെ അന്ത:സത്ത നശിപ്പിച്ച കേന്ദ്രസർക്കാർ നിലപാട് അപലപനീയമാണ്.

മതത്തിന്റെ പേരിൽ പൗരത്വം നിഷേധിക്കുന്ന കേന്ദ്രസർക്കാർ നയം പിൻവലിക്കണം. ഇന്ത്യയുടെ മതനിരപേക്ഷത കാത്തുസൂക്ഷിക്കുന്നതിനായി ഈ നിയമത്തിനെതിരെ ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. പി. സി. ജോർജ്: പ്രമേയത്തെ പിന്താങ്ങുന്നു. മുസ്ലീം സമൂഹത്തെ ഒറ്റപ്പെടുത്തി ആക്രമിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം അപലപനീയമാണ്. കേന്ദ്രസർക്കാർ ശ്രദ്ധിക്കപ്പെടുന്ന രീതിയിലുള്ള സമരപരിപാടികൾ ആസൂത്രണം ചെയ്യാൻ ഭരണ-പ്രതിപക്ഷ കക്ഷികൾ തയ്യാറാകണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: പ്രമേയത്തെ പിന്താങ്ങുന്നു. പൗരസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനുള്ള ബോധപൂർവമായ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും ഐക്യത്തിനും യാതൊരു സംഭാവനയും നൽകാത്തവർ ഭരണഘടനയെ മാറ്റിയെഴുതാൻ ശ്രമിക്കുന്നത് ഖേദകരമാണ്. നിയമത്തിനെതിരെ നിയമസഭയിൽ ഉയർന്നുവന്ന യോജിപ്പ് ദേശവ്യാപകമാക്കി സമാന ചിന്താഗതിയുള്ള മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി യോജിച്ച പ്രക്ഷോഭത്തിലൂടെ മുന്നോട്ടുപോകാൻ സർക്കാർ നേതൃത്വം നൽകണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: പ്രമേയത്തെ പിന്താങ്ങുന്നു. നാടിന്റെ മതേതര

മൂല്യങ്ങൾ തകർക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് കേന്ദ്രസർക്കാർ പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും മതേതര മൂല്യങ്ങളും തകർക്കുന്ന ഈ നിയമം റദ്ദാക്കാൻ ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. മാണി സി. കാപ്പൻ: പ്രമേയത്തെ പിന്താങ്ങുന്നു. ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും മതേതരത്വവും തകർക്കുന്ന പൗരത്വ ഭേദഗതി നിയമം റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: പ്രമേയത്തെ പിന്താങ്ങുന്നു. സമൂഹത്തിനും രാജ്യത്തിനുതന്നെയും ശക്തമായ സന്ദേശമാണ് പൗരത്വ ഭേദഗതി നിയമത്തിനെതിരായ കേരളത്തിലെ സംയുക്ത പ്രക്ഷോഭം.

ശ്രീ. എ. എൻ. ഷംസീർ: പ്രമേയത്തെ പിന്താങ്ങുന്നു. മതാടിസ്ഥാനത്തിലുള്ള പൗരത്വം എന്നതിലൂടെ രാജ്യത്തെ ഘട്ടംഘട്ടമായി ഹിന്ദുത്വവൽക്കരിക്കാനുള്ള നിലപാടാണ് കേന്ദ്രസർക്കാരിന്റേത് എന്നത് വ്യക്തമാണ്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ മതനിരപേക്ഷതയും ജനാധിപത്യവും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ ഈ നിയമത്തിനെതിരെ തുടരണം.

ഡോ. എം. കെ. മുനീർ: പ്രമേയത്തെ പിന്താങ്ങുന്നു. ഭരണഘടനയുടെ അന്ത:സത്ത ചോദ്യം ചെയ്യപ്പെടുന്നതും ദേശീയതയും മതനിരപേക്ഷതയും തകർക്കുന്നതുമായ നിലപാടാണ് പൗരത്വ ഭേദഗതി നിയമത്തിലൂടെ കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ഈ നിയമത്തിനെതിരെ പ്രക്ഷോഭം നടത്തുന്നവരെ ജയിലിലിലടയ്ക്കുന്ന അവസ്ഥ കേരളത്തിലുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ ആദ്യമായി പ്രമേയം കൊണ്ടുവരുന്നത് കേരള നിയമസഭയാണ്. വ്യക്തമായ മാനദണ്ഡങ്ങൾ നിലനിൽക്കെ മതാടിസ്ഥാനത്തിലുള്ള പൗരത്വം എന്ന നിയമ ഭേദഗതിയിലൂടെ ഭരണഘടനാലംഘനമാണ് കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത്. കേന്ദ്രത്തിന്റെ ഈ നടപടി ഇന്ത്യയെ ലോകരാഷ്ട്രങ്ങളിൽനിന്നും ഒറ്റപ്പെടുത്തുന്നതിനിടയാക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു. സ്വാതന്ത്ര്യാനന്തരം രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ

വെല്ലുവിളിയാണ് പൗരത്വ ഭേദഗതി നിയമം. ഭരണഘടനാ വിരുദ്ധവും മതാടിസ്ഥാനത്തിൽ ജനങ്ങളിൽ ഭിന്നത ഉളവാക്കുന്നതുമായ പ്രസ്തുത നിയമത്തിനെതിരെ ജാതി-മത-വർഗ്ഗ-വർണ്ണ-കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ പോരാടണം. മതേതര പാരമ്പര്യമുള്ള ഇന്ത്യയിൽ എല്ലാ പൗരനും തുല്യ അവകാശമാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത്. എൻ.പി.ആർ. തയ്യാറാക്കുന്നത് സംബന്ധിച്ച് സമഗ്രപഠനം നടത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): മതനിരപേക്ഷത തകർക്കാനും ചരിത്രത്തെ അപകീർത്തിപ്പെടുത്താനും ദേശീയതയെ ഭംഗപ്പെടുത്താനുമുള്ള ശ്രമങ്ങളാണ് പൗരത്വ ഭേദഗതി നിയമത്തിലൂടെ വിവക്ഷിക്കുന്നത്. ഈ നിയമത്തിനെതിരെ ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൗരത്വ ഭേദഗതി നിയമത്തിലൂടെ ഒരു പ്രത്യേക വിഭാഗത്തിനെതിരെയുള്ള വിവേചനപരമായ നീക്കങ്ങളാണ് വിവക്ഷിക്കുന്നത്. മത വിവേചനാടിസ്ഥാനത്തിൽ

സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി നൽകുന്ന രീതി ഒഴിവാക്കപ്പെടേണ്ടതാണ്. ഇന്ത്യയിലെ മഹാഭൂരിപക്ഷം ജനതയെയും രണ്ടാംകിട പൗരന്മാരായി കണക്കാക്കുകയെന്ന സംഘപരിവാറിന്റെ അജണ്ടയുടെ ഭാഗമായി കൊണ്ടുവന്ന പൗരത്വ ഭേദഗതി നിയമത്തെ എതിർത്തില്ലെങ്കിൽ ഇത്തരം അജണ്ടകൾ ഒന്നൊന്നായി രാജ്യത്ത് ശക്തിപ്പെടുന്ന സ്ഥിതിയുണ്ടാകും. മതനിരപേക്ഷത സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന മുഴുവൻ ജനങ്ങളും ഈ നിയമത്തിനെതിരെ അണിനിരക്കണം. ഭരണഘടന മുന്നോട്ടുവച്ച ആശയങ്ങൾ പൂർണ്ണമായും സ്വാംശീകരിച്ചുകൊണ്ട് നിലവിൽവന്ന 1955-ലെ പൗരത്വ നിയമത്തിൽ പിൽക്കാലത്ത് ചില ഭേദഗതികൾ കൊണ്ടുവന്നെങ്കിലും മതപരമായ വിവേചനമോ മൗലികാവകാശത്തിന്റെ ലംഘനമോ അവയിൽ ഉണ്ടായിട്ടില്ല. രാജ്യത്തെയും ജനങ്ങളെയും മതത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാനുള്ള ആപൽക്കരമായ നീക്കമാണ് ഭേദഗതി നിയമത്തിലൂടെ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. രാജ്യത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരു ഓർഡിനൻസിലൂടെ പൗരത്വ ഭേദഗതി നിയമം റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

(ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.)

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## III പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

(പതിനാലാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും ബഹുമാനപ്പെട്ട സ്പീക്കർ നന്ദി രേഖപ്പെടുത്തുകയും പുതുവത്സരാശംസകൾ നേരുകയും ചെയ്തു.)

സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 12.38-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

********